

# പ്രതിഭ

ദീപനാളം കുട്ടികളോടൊപ്പം



**കൂട്ടുകാരേ, കേട്ടോളിൻ...**

വായിച്ചും പഠിച്ചും മടുക്കുമ്പോൾ എന്തെങ്കിലും കുത്തിക്കുറിക്കണമെന്നു തോന്നുന്നവരുണ്ടാവാം. കഥയാവട്ടെ, കവിതയാവട്ടെ, ചിന്തയാവട്ടെ, ചിത്രമാവട്ടെ - ഞങ്ങൾക്ക് അയച്ചുതരിക. ഉചിതമായവ പ്രസിദ്ധീകരിക്കുന്നതാണ്. ഒപ്പം, ഏതു മേഖലയിലായാലും കഴിവു തെളിയിച്ചവരെ പരിചയപ്പെടുത്തുകയുമാവാം.

വിലാസം : പ്രതിഭ, ദീപനാളം വാരിക, പാലാ, പിൻ – 686 575
E-mail : editordeepanalam@gmail.com, Mob : 7306874714



# അഭ്രപാളികളിൽ വിസ്മയമൊരുക്കി ചിന്മയി

**ഇന്ത്യയിലെ ഏറ്റവും പ്രായം കുറഞ്ഞ സിനിമാസംവിധായിക ഇനി മലയാളത്തിനു സ്വന്തം. പ്ലസ്ടു വിദ്യാർഥിനിയും കോട്ടയം ചിറക്കടവ് സ്വദേശിയുമായ ചിന്മയി നായരുമായി അധ്യാപിക ശ്രീദേവി എസ്.കെ. നടത്തിയ അഭിമുഖം.**

അഭ്രപാളികളിൽ സ്വന്തം പേരു കുറിച്ചിട്ട് ഒരു നാടിനാകെ അഭിമാനമായി മാറുകയാണ് ചിന്മയി നായർ എന്ന കൊച്ചു സിനിമാസംവിധായിക. ചെറിയ കുട്ടിയായിരിക്കുമ്പോൾത്തന്നെ 'ക്ലാസ് ബൈ എ സോൾജിയർ' എന്ന ആദ്യ ചിത്രത്തിലൂടെ സിനിമാരംഗത്തു ചർച്ചയായിക്കൊണ്ടിരിക്കുന്നു. ചിന്മയി നായരുടെ സിനിമാവിശേഷങ്ങളിലൂടെ:

♦ എങ്ങനെ സിനിമാരംഗത്തേക്ക് എത്തിപ്പെട്ടു?

✳ അച്ഛൻ അനിൽ രാജ് ഒരു ഫിലിം ഡയറക്ടറാണ്. അച്ഛന്റെകൂടെ മൂവിസെറ്റിലൊക്കെ പോകുമായിരുന്നു. അങ്ങനെ സിനിമയോടു ജനിച്ച താത്പര്യം സംവിധാനരംഗത്തേക്ക് എത്തിച്ചു.

♦ ചിത്രത്തിന്റെ ലൊക്കേഷൻ?

✳ ചിറക്കടവ് എന്ന ഗ്രാമംതന്നെയാണ് പ്രധാന ലൊക്കേഷൻ. എസ്.ആർ.വി. എൻ.എസ്.എസ്. വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂളും പരിസരവും. കൂടാതെ, പൊൻകുന്നം, കാഞ്ഞിരപ്പള്ളി, വാഗമൺ എന്നീ പ്രദേശങ്ങളും ചിത്രീകരണത്തിനായി തിരഞ്ഞെടുത്തു. 45 ദിവസംകൊണ്ടു ചിത്രീകരണം പൂർത്തിയാക്കി.

♦ ചിത്രത്തിന്റെ അണിയറയിൽ ആരൊക്കെ?

✳ അച്ഛന്റെകൂടെ വർക്ക് ചെയ്തിട്ടുള്ളവർതന്നെയാണ് ഇതിന്റെ അണിയറയിൽ. അവർ നല്ല പിന്തുണ തന്നു. ഞാനിതിനുമുമ്പ് രണ്ടു ഷോർട്ട് ഫിലിംസ് ചെയ്തിട്ടുണ്ടായിരുന്നു. 'ചേമ്പിലത്തുള്ളി'യും, 'ഗ്രാൻഡ്മ'യും. അതിന്റെ ക്യാമറമാനായ ബെന്നി ജോസഫ് അങ്കിളാണ് ഈ ചിത്രത്തിന്റെയും ക്യാമറമാൻ. എഡിറ്റർ റക്സൺ ജോസഫാണ്. അസോസിയേറ്റ് ഡയറക്ടർ സുഹാസ് അങ്കിൾ. അദ്ദേഹം വളരെ സപ്പോർട്ടായിരുന്നു. തെറ്റുകളൊക്കെ ചൂണ്ടിക്കാട്ടി അത് തിരുത്തിത്തരുമായിരുന്നു. ഒരുപാട് ക്രൂ ഉണ്ടായിരുന്നു. എല്ലാവരും വലിയ പിന്തുണ തന്നു.

♦ 'ക്ലാസ് ബൈ എ സോൾജിയർ' നല്കുന്ന സന്ദേശമെന്താണ്?

✳ ഈ സിനിമയിൽ ഒന്നിലധികം സന്ദേശങ്ങളുണ്ട്. വിദ്യാർഥികൾ ഒന്നിച്ചുനിന്നാൽ എന്തും നേരിടാം. ഈ ഫിലിമിൽ ഒരു സോൾജിയർ ഉണ്ട്. വിജയ് യേശുദാസാണ് മേജർ കിഷോർ എന്ന ഈ പ്രധാനകഥാപാത്രത്തെ അവതരിപ്പിച്ചിരിക്കുന്നത്. ഒരു പട്ടാളക്കാരൻ തന്റെ സൈനിക ജീവിതത്തിൽ പാലിക്കുന്ന ചിട്ടവട്ടങ്ങളൊക്കെ തന്റെ വ്യക്തിജീവിതത്തിലും തുടരുന്നതു സമൂഹത്തിനു മാതൃകയാണ്. മയക്കുമരുന്നും കള്ളക്കടത്തും ഭിക്ഷാടനമാഫിയയും ഈ കാലഘട്ടത്തിൽ പെരുകിയിരിക്കുന്നു. നാട്ടിൽ ഭിക്ഷാടനം നടത്തുന്നവർപോലും മയക്കുമരുന്നു വാഹകരായി നമ്മുടെ മുമ്പിലെത്തുന്നുവെന്നത് വസ്തുതയാണ്. ഇതിനെതിരേ സമൂഹം ഉണർന്നിരിക്കണം എന്നൊരു സന്ദേശംകൂടി ഈ സിനിമ നൽകുന്നു.

♦ 'മേജർ കിഷോറി'നെ അവതരിപ്പിച്ചിരിക്കുന്നത് വിജയ് യേശുദാസാണല്ലോ. എങ്ങനെ അദ്ദേഹത്തിലേക്കെത്തി?

✳ വിജയ് അങ്കിളിന്റെ 'മാരി' എന്ന ചിത്രത്തിലെ പോലീസ് വേഷം എനിക്കു വളരെ സ്ട്രൈക്ക് ചെയ്തിരുന്നു. മലയാളത്തിലെ ചില പ്രധാന താരങ്ങളുടെ പേരുകൾ നിർദേശിക്കപ്പെട്ടെങ്കിലും വിജയ് അങ്കിളിന്റെ പേരാണ് എന്റെ മനസ്സിൽ ഓടിയെത്തിയത്. അച്ഛന്റെ 'സൂത്രക്കാരൻ' എന്ന മൂവിയിൽ വിജയ് അങ്കിൾ പാടിയിട്ടുണ്ടായിരുന്നു. ഈയൊരു പ്രായത്തിൽ ഞാനെന്താണു ചെയ്യാനുദ്ദേശിക്കുന്നതെന്ന് അറിയാനുംകൂടിയാണ് ഡേറ്റ് തന്നതെന്നാണ് അങ്കിളും പറഞ്ഞത്.

♦ വിജയ് യേശുദാസ്, കലാഭവൻ ഷാജോൺ, കലാഭവൻ പ്രജോദ്, ശ്വേതാമേനോൻ, മീനാക്ഷി തുടങ്ങിയവരെക്കൂടാതെ മോളുടെ അധ്യാപകനായ ലാൽ സാറും (കെ. ലാൽ, പ്രിൻസിപ്പൽ, എസ്.ആർ.വി. സ്കൂൾ) ഈ ചിത്രത്തിൽ അഭിനയിച്ചിട്ടുണ്ടല്ലോ? എങ്ങനെയുണ്ടായിരുന്നു ആ അനുഭവം?

✳ അതേ. ലാൽസാർ എന്റെ സിനിമാമോഹങ്ങളെ ഒരുപാട് സപ്പോർട്ട് ചെയ്തിട്ടുള്ള ആളാണ്. അദ്ദേഹത്തോടൊപ്പം വർക്കു ചെയ്യാൻ സാധിച്ചത് വളരെ സന്തോഷമായി. ലാൽസാറിന് പ്രധാനാധ്യാപകന്റെ വേഷമായിരുന്നു. ചിത്രത്തിലുള്ള സ്കൂൾ എസ്.ആർ.വി. സ്കൂൾ തന്നെയാണ്. സാറിന് സത്യത്തിൽ, ഒരുപാട് അഭിനയിക്കേണ്ടിവന്നില്ല, കാരണം, അദ്ദേഹം നിലവിൽ ഇവിടുത്തെ പ്രധാനാധ്യാപകനാണല്ലോ.

♦ എന്തൊക്കെയാണ് ചിന്മയിയുടെ ഭാവി പരിപാടികൾ?

✳ ആദ്യം പ്ലസ് ടു കംപ്ലീറ്റ് ചെയ്യണം. ലിറ്ററേച്ചർ എടുത്തു ഡിഗ്രിക്കു പോകണം എന്ന് ആഗ്രഹമുണ്ട്. ഫിലിം സൈഡിൽ നിന്നു നോക്കുകയാണെങ്കിൽ കുറെ പ്രോജക്ട്സ് വന്നിട്ടുണ്ട്. അവയൊക്കെ ചർച്ചകളിലാണ്. അതിനുശേഷം ഷൂട്ടിങ്ങും ബാക്കി കാര്യങ്ങളും ഉണ്ടാകും.

♦ വീട്ടിൽ ആരൊക്കെയുണ്ട്? അച്ഛന്റെയും അമ്മയുടെയും സപ്പോർട്ട്?

✳ അച്ഛനും അമ്മയും അച്ഛമ്മയുമാണ് വീട്ടിലുള്ളത്. എന്റെ കുടുംബം മുഴുവനും ഒപ്പം നിന്നു.

♦ ഫിലിം ഡയറക്ഷനിൽ അച്ഛനാണോ ഗുരു?

✳ തീർച്ചയായും അച്ഛൻതന്നെയാണ് ഗുരു. ചിത്രത്തിന്റെ തീം പറഞ്ഞപ്പോൾ ആദ്യം പിന്തുണ തന്നതും അച്ഛൻ തന്നെ.

♦ തിയേറ്ററിൽ പോയി ചിത്രം കണ്ടപ്പോൾ എന്തു തോന്നി?

✳ എന്റെ ആദ്യത്തെ മൂവി എന്ന നിലയിൽ ഏറെ അഭിമാനവും സന്തോഷവും തോന്നി. എന്റെ ഫാമിലി, ടെക്നിക്കൽ ക്രൂസ്, അഭിനേതാക്കൾ എന്നിവർക്കൊപ്പം എറണാകുളത്തു പോയി ഫിലിം കണ്ടു. നല്ല തിയറ്റർ റെസ്പോൺസ് ഉണ്ടായിരുന്നു.

♦ അഭിനേത്രിയാവാൻ ഇഷ്ടമാണോ?

✳ ഇഷ്ടമുണ്ടോ എന്നു ചോദിച്ചാൽ, കുറച്ചു കഴിഞ്ഞിട്ടു നോക്കാം എന്നു വിചാരിക്കുന്നു. ഈ മൂവി കണ്ടതിനുശേഷം അച്ഛന്റെ കെയറോഫിൽ ചിലർ ചോദിച്ചിരുന്നു.

♦ ചിത്രം റിലീസ് ആയതിനുശേഷമുള്ള പ്രതികരണങ്ങൾ?

✳ വളരെ നല്ല പ്രതികരണമായിരുന്നു. വളരെ പോസിറ്റീവായിട്ടുള്ള റിവ്യൂസാണു വന്നത്.

♦ അധ്യാപകരും കൂട്ടുകാരുമൊക്കെ എങ്ങനെ പ്രതികരിച്ചു?

✳ എന്റെ കുറെ ഫ്രണ്ട്സ് ആദ്യദിവസം തന്നെ പോയി ഫിലിം കണ്ടു. അവർക്കു വളരെ നല്ല അഭിപ്രായമാണ്. ഒരു മൂവിയൊക്കെ സംവിധാനം ചെയ്യുന്നു എന്നു പറഞ്ഞപ്പോൾ ഇത്രയധികം പ്രതീക്ഷിച്ചില്ല എന്നാണ് അവർ അഭിപ്രായപ്പെട്ടത്. ഞാനിപ്പോൾ പഠിക്കുന്ന ളാക്കാട്ടൂർ എം.ജി.എം എൻ.എസ്.എസിലെ ടീച്ചേഴ്സും ഫിലിം കണ്ടു. പ്രതീക്ഷിച്ചതിനപ്പുറമാണ് ഈ ഫിലിം എന്നാണ് അവർ അഭിപ്രായപ്പെട്ടത്.

പൊൻകുന്നം ശ്രേയസ് പബ്ലിക് സ്കൂളിൽ ഏഴാം ക്ലാസ് പൂർത്തിയാക്കിയ ചിന്മയി ചിറക്കടവ് എസ്.ആർ.വി. എൻ.എസ്.എസ്. വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂളിൽനിന്നാണ് എസ്.എസ്.എൽ.സി. പാസായത്. ളാക്കാട്ടൂർ എം.ജി.എം. എൻ.എസ്.എസിൽ പ്ലസ് ടു(ഹ്യുമാനിറ്റീസ്)വിനു പഠിക്കുന്ന ഈ കൊച്ചുമിടുക്കി സിനിമാമേഖലയ്ക്ക് ഒരു വാഗ്ദാനംതന്നെയാണ്. ■



# കലാലയങ്ങൾ കലാപശാലകളാവുമ്പോൾ



**കൃഷ്ണാഞ്ജലി സന്തോഷ്**
എം.എ. മലയാളം
ഏറ്റുമാനൂരപ്പൻ കോളജ്
ഏറ്റുമാനൂർ

**ക**ലാലയജീവിതം സുന്ദരമാണ്. ജീവിതത്തിന്റെ ഏറ്റവും മനോഹരമായ കാലഘട്ടം. പഠനത്തിനു പുറമേ പ്രണയവും സൗഹൃദവും കുസൃതികളും കളിചിരികളും കളിയാടിനില്ക്കുന്ന ഇടനാഴികൾ. പൂത്തുനിൽക്കുന്ന ഗുൽമോഹർപൂക്കൾ, ക്ലാസ്മുറികൾ... നല്ല കാഴ്കൾക്കുപുറമേ കലാലയങ്ങൾ നേരിടുന്ന ധാരാളം പ്രശ്നങ്ങളുമുണ്ട്. അവയൊക്കെയും നാം ദിനംപ്രതി മാധ്യമങ്ങളിൽക്കൂടിയും അല്ലാതെയും അറിയുന്നവയാണ്.

വ്യക്തിത്വവും സാമൂഹികബോധവും ജ്ഞാനതൃഷ്ണയും രൂപപ്പെടേണ്ട കലാലയങ്ങൾ ഇന്നു ഹിംസാത്മകമാവുകയാണ്. ആൺ - പെൺ സൗഹൃദങ്ങൾ പണ്ടും പതിവായിരുന്നെങ്കിലും പ്രണയത്തെ ഇന്നത്തെപ്പോലെ ഭയക്കേണ്ടതില്ലായിരുന്നു. കൊതിച്ചതു കിട്ടിയില്ലെങ്കിൽ തട്ടിപ്പറിച്ചു നിലത്തിട്ട് ചവിട്ടിയരയ്ക്കുന്ന മാനസികാവസ്ഥയിലേക്ക് കൗമാരക്കാരുടെയും യുവജനങ്ങളുടെയും മനസ്സു ചുരുങ്ങുമ്പോഴാണ് ക്രൂരമായ പ്രതികാരപ്രവൃത്തികളുണ്ടാവുന്നത്. പ്രണയാഭ്യർഥന നിരസിച്ച പെൺകുട്ടിയെ കത്തിച്ചതും ആസിഡ് ഒഴിച്ചു പൊള്ളിച്ചതും വെടിവച്ചിട്ടതും കുത്തിക്കൊന്നതും പ്രണയപ്പകയുടെ ഉദാഹരണങ്ങളാണ്.

കോളജുകളിൽ വനിതാ സെൽ, ജെൻഡർ ജസ്റ്റീസ് ഫോറം, ഇന്റേണൽ കംപ്ലെയ്ന്റ് കമ്മിറ്റി തുടങ്ങി സ്ത്രീശക്തീകരണസമിതികൾ പലതുണ്ട്. സെമിനാറുകളും വെബിനാറുകളും സംവാദങ്ങളും ചർച്ചകളുമൊക്കെയായി സമിതികളെല്ലാം സജീവവുമാണ്. എന്നാൽ, ആൺകുട്ടികളുടെ പ്രശ്നങ്ങൾ കൈകാര്യം ചെയ്യാൻ പ്രത്യേക സംവിധാനങ്ങളില്ലാത്തത് എന്തുകൊണ്ടാണ്? വിജ്ഞാനം വിരൽത്തുമ്പിൽ നിൽക്കുന്ന ഇക്കാലത്ത് അവർക്കു വേണ്ടത് കേവലം ലൈംഗികവിദ്യാഭ്യാസമല്ല; മനസ്സുകളെ തങ്ങളുടെ ചൊൽപ്പടിക്കു നിർത്താനുള്ള പരിശീലനമാണ്. നാല്പതുകോടി കിലോമീറ്റർ അകലെയുള്ള ചൊവ്വയിൽ പരീക്ഷണം നടത്തി ജീവന്റെ സാധ്യത അന്വേഷിക്കുന്ന നമുക്കു തൊട്ടടുത്തിരിക്കുന്ന മനസ്സുകളെ വായിക്കാൻ കഴിയുന്നില്ല. പെൺകുട്ടികളുടെ മുഖം വാടുന്നതു കണ്ട് അസ്വസ്ഥമാകുന്നവർ ആൺകുട്ടികളുടെ ഭാവവ്യത്യാസങ്ങളും ശ്രദ്ധിക്കണം.

ഇന്ന് കലാലയങ്ങളിൽ ഭയാനകമായ രീതിയിൽ മയക്കുമരുന്നുപയോഗം വർധിച്ചിരിക്കുന്നു. ലഹരിയുടെ മറവിൽ പെൺകുട്ടികൾ പീഡിപ്പിക്കപ്പെടുന്ന സംഭവങ്ങൾ തുടർക്കഥയാവുന്നു. സ്കൂളൂകളും കോളജുകളും ലഹരിമരുന്നുമാഫിയയുടെ താവളങ്ങളായി മാറുന്നു. കഞ്ചാവിനൊപ്പം ന്യൂജനറേഷൻ മയക്കുമരുന്നുകളും കലാലയങ്ങളിൽ സുലഭമാണ്. കണ്ണൂരിൽ മയക്കുമരുന്നു നൽകി ഒൻപതാംക്ലാസ് വിദ്യാർഥിനിയെ സഹപാഠി പീഡിപ്പിച്ച സംഭവം ഞെട്ടിക്കുന്നതാണ്. തൃശൂർ മെഡിക്കൽ കോളജിൽ മയക്കുമരുന്നുപയോഗിക്കുന്ന വിദ്യാർഥികളുടെ എണ്ണം കേസിലെ പ്രതി പറഞ്ഞത് ഞെട്ടലോടെയാണു കേരളം കേട്ടത്. ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ സർക്കാർ അടിയന്തരനടപടി സ്വീകരിക്കണം. ലഹരിയിൽ ഒരു തവണ അഭയം തേടിയാൽ തിരിച്ചുവരവ് അത്ര എളുപ്പമാകില്ല. മയക്കുമരുന്നുശൃംഖലയുടെ വേരറുത്താൽ മാത്രമേ നമ്മുടെ നാടിന്റെ പ്രതീക്ഷയായ യുവതലമുറയെ രക്ഷിക്കാൻ കഴിയൂ.

ഓരോ വ്യക്തിയിലും ഉറങ്ങിക്കിടക്കുന്ന കലയെ കണ്ടെത്തി അവരെ സാമൂഹികപ്രതിബദ്ധതയുള്ള പൗരന്മാരാക്കുക എന്നതാണ് ഓരോ കലാലയത്തിന്റെയും ധർമം. അതിന് ഒരു വലിയ പങ്കുവഹിക്കുന്നത് അധ്യാപകരും. എന്നാൽ, ഇന്ന് നമ്മുടെ സമൂഹം ഏറെ മാറിക്കഴിഞ്ഞിരിക്കുന്നു. വർധിച്ചുവരുന്ന കച്ചവടതാത്പര്യങ്ങൾ ഇന്നത്തെ കലാലയത്തെ നിശ്ചലമാക്കിയിരിക്കുന്നു. കലാലയങ്ങൾ കലാപശാലകളായി മാറുമ്പോൾ നമുക്ക് നമ്മളെത്തന്നെ നഷ്ടമാകുന്നു. ■

## Blue is my way

Poem



Jayalakshmi G.
M.A. Economics
IGNOU C.M.S. College
Kottayam

Underneath the unbounded sea of my dreams,
I weave a trail, where blue rekindles
Blue is my way, a serene tint
Whispers stir away the glooming cloud
In hues unknown, my essence found its place,
Where surrender wove allure in cerulean poise.
Blue fabricates me like a restless sea,
Bridging my elation with wisdom of light
Thus blue is my way, a delightful disarray

## പൂന്തോപ്പിൽ

കവിത



**ആദിദേവ് എസ്.**
ഗവ. യു.പി. സ്കൂൾ
തലാപ്, കണ്ണൂർ

വിരിയുന്നു തേൻപൂക്കൾ
സൂര്യന്റെ പൂന്തോപ്പിൽ
നറുതേൻ നുകരുവാൻ
വരിവരിയായി പാറി
വരുന്നു പൂമ്പാറ്റകളും
കരിവണ്ടിൻകൂട്ടവും
അവരുടെ സ്നേഹത്തിൽ
പരിലസിക്കുന്ന
നിറങ്ങളാൽ നിറയുന്നു
കുഞ്ഞുപൂക്കൾ
ആശിച്ച പൂമൊട്ടെല്ലാം
ഒരു സുപ്രഭാതത്തിൽ
വിരിഞ്ഞുകാണുന്ന
കുരുന്നുമുഖങ്ങളിൽ
വിടരുന്നുവൊരു
ചെറുപുഞ്ചിരി...



## നന്മപ്പൂക്കൾ

കഥ



**സെലീന ജയ്മോൻ**
10-ാം ക്ലാസ്
സെന്റ് സെബാസ്റ്റ്യൻസ്
എച്ച്.എസ്.എസ്.
അയർക്കുന്നം

**ഓ**ഫീസിൽ പുതുതായി ജോലിക്കുചേർന്ന ജ്യോതിയോട് ബിന്ദു എന്തോ സംശയം ചോദിച്ചു.

ജ്യോതി വളരെ സന്തോഷത്തോടെ മറുപടി പറയുകയും ചെയ്തു.

ബിന്ദു ജ്യോതിയോടു നന്ദി പറഞ്ഞ് തന്റെ സീറ്റിൽ വന്നിരുന്നു.

ഇതെല്ലാം കണ്ടുകൊണ്ടിരുന്ന അവരുടെ സഹപ്രവർത്തകൻ ബിന്ദുവിനോടു രഹസ്യമായി ചോദിച്ചു.

"അതു നിനക്കു നന്നായി അറിയാവുന്ന കാര്യമല്ലേ? പിന്നെയെന്തിനാ നീ ജ്യോതിയോടു ചോദിച്ചത്?"

"നമ്മളോടു സ്നേഹമുള്ള ആളുകളോട് നമ്മൾ എന്തെങ്കിലും ചെറിയ സഹായം ചോദിച്ചാൽ അത് അവരിൽ നമ്മെക്കുറിച്ചുള്ള മതിപ്പുയർത്തും. അവർക്ക് എന്തെങ്കിലും ആവശ്യങ്ങൾ ഉണ്ടെങ്കിൽ നമ്മളോടു ചോദിക്കാൻ വിഷമം തോന്നുകയുമില്ല."

"അവൾ പുതിയ കുട്ടിയല്ലേ. അവൾക്ക് ഒരുപാടു കാര്യങ്ങളിൽ സംശയം ഉണ്ടാകും. സ്വാതന്ത്ര്യത്തോടെ എന്തു കാര്യവും എന്നോടു ചോദിക്കാൻ ഇനി അവൾക്ക് ഒരു മടിയും കാണില്ല. അത് എനിക്കും അവൾക്കും നമ്മുടെ സ്ഥാപനത്തിനും ഗുണം ചെയ്യും." ജോമോൻ അദ്ഭുതത്തോടെ ബിന്ദുവിനെ നോക്കി.

"ഇവിടെയും നന്മ, അവിടെയും നന്മ, ചുറ്റുമുള്ളവർക്കും നന്മ." ബിന്ദു ചിരിച്ചുകൊണ്ടു പറഞ്ഞു.



# റിവ്യൂകളെ റിവ്യൂ ചെയ്യുമ്പോൾ



**ആൽബിൻ കൊട്ടാരം**
സെന്റ് തോമസ് കോളജ് ഓഫ് റ്റീച്ചർ എജ്യുക്കേഷൻ മൈലക്കൊമ്പ്

അഭിപ്രായസ്വാതന്ത്ര്യത്തെ വിലമതിക്കുന്ന ഒരു രാജ്യത്ത് അഭിപ്രായങ്ങളുടെ പേരിലുള്ള വിവാദങ്ങൾ വാർത്തയാവുന്നത് ഈ ദിവസങ്ങളിൽ നാം കാണുന്നുണ്ട്. 'റിവ്യൂ ബോംബിങ്' അഥവാ റിവ്യൂമൂലം തകർക്കുന്ന സിനിമകൾക്കുവേണ്ടി മുറവിളി കൂട്ടുന്ന ഒരുകൂട്ടം സിനിമക്കാരും അഭിപ്രായസ്വാതന്ത്ര്യം എല്ലാ പൗരന്റെയും അവകാശമാണെന്നു വാദിക്കുന്ന സമൂഹമാധ്യമങ്ങളിലെ പ്രമുഖരും കേരളത്തിലെ ചർച്ചാവിഷയമായി മാറിക്കഴിഞ്ഞു.

റിവ്യൂകൾ സിനിമ കാണുന്നവന്റെ അവകാശമാണെന്ന വാദത്തെ അനുകൂലിച്ചുകൊണ്ട് പല നടന്മാരും സംവിധായകരും രംഗത്തെത്തിയിട്ടുണ്ട്. എന്നാൽ, പണം വാങ്ങി സിനിമ നശിപ്പിക്കുന്നുവെന്ന ആരോപണമാണ് മറുപക്ഷത്ത്. ഈ കാര്യത്തിൽ മമ്മൂട്ടിയുടെ നിലപാടു ശ്രദ്ധേയമാണ്: "സിനിമ സിനിമയുടെ വഴിക്കു പോകും. റിവ്യൂ റിവ്യൂവിന്റെ വഴിക്കും. അതിനെ തടയാനാവില്ല." കാമ്പുള്ള ചലച്ചിത്രങ്ങൾ നിലനിൽക്കാനും ജനങ്ങളിലേക്ക് എത്തിക്കാനും റിവ്യൂകൾക്കു സാധിക്കുന്നുണ്ടെങ്കിൽ സംശയമില്ല, ചില സിനിമകൾക്കു മോശമാണെന്ന ടാഗ് നൽകാനും ഇതേ റിവ്യൂകൾ കാരണമായിട്ടുണ്ട്.

അഭിപ്രായങ്ങളെക്കുറിച്ചു പറയുമ്പോൾ സമൂഹമാധ്യമങ്ങളിലെ പ്രമുഖരായ ചില വ്യക്തികളുടെ നിലപാടുകൂടി വിലയിരുത്തുന്നത് ഉചിതമെന്നു തോന്നുന്നു. റോബിൻബസ് മുതൽ 'കാതലി'ന്റെ കിസ് വരെ ആഴത്തിൽ വിശകലനം ചെയ്യുന്ന ഒരു പറ്റം വ്യക്തികൾ ഇന്നു സമൂഹത്തിന്റെ ചിന്താഗതിയെ വിമർശിക്കാൻവേണ്ടിമാത്രം വീഡിയോകൾ ചെയ്യുന്നതും കാണാം. വിമർശനാത്മകമായ അഭിപ്രായങ്ങൾ അതിരുവിടുമ്പോൾ, താൻ പൊളിറ്റിക്കലി കറക്ടാണെന്ന വിശ്വാസത്തിൽ പലതും പറയുമ്പോൾ അഭിപ്രായങ്ങൾ ചില നേരങ്ങളിൽ പിടിവിട്ടുപോകാറുണ്ട്. എന്നാൽ, പല സാമൂഹികതിന്മകളെയും അനീതികളെയും അക്രമത്തെയും ചൂണ്ടിക്കാണിക്കാനും ഇവർക്കു സാധിക്കുന്നുണ്ട് എന്നതും വാസ്തവം തന്നെ.

സമൂഹം വളരെയധികം സ്വാധീനിക്കപ്പെടുന്ന കൂട്ടങ്ങളായി ഇന്നു മാറിയിട്ടുണ്ട്. പ്രാചീനമായ ചില സ്വാധീനവലയങ്ങളിൽ രമിക്കുന്നവർ, പുരോഗമനത്തിന്റെ നവലോകത്തിനായി സ്വപ്നം കാണുന്നവർ, വിമർശനബുദ്ധിയോടെമാത്രം കാര്യങ്ങളെ വീക്ഷിക്കുന്നവർ തുടങ്ങി ഓരോ കൂട്ടത്തിനും സ്വന്തമായ സ്വാധീനശക്തിയുണ്ട്. ഇവരുടെ അഭിപ്രായങ്ങൾ പലപ്പോഴും ഇവർ പിന്തുടരുന്ന വ്യക്തികളുടെ അഭിപ്രായങ്ങളായി മാറാറുമുണ്ട്. സ്വന്തം അഭിപ്രായത്തെക്കാൾ മറ്റുള്ളവരുടെ അഭിപ്രായങ്ങളെ, പുനർവിചാരമില്ലാതെ വിഴുങ്ങുന്ന ആശയ അടിമകൾ ഇന്ന് ഏറെയാണ്. രാഷ്ട്രീയ, മത, വിദ്യാഭ്യാസ, ആത്മീയമേഖലകളിലും ഈ ട്രെൻഡ് പ്രകടമാണ്.

'ദ ഫേസ് ഓഫ് ദ ഫെയ്സ് ലെസ്' സിനിമ തിയേറ്ററുകളിൽ പ്രദർശനവിജയംനേടി മുന്നേറുമ്പോൾ അതിനെ വിലയിരുത്താനോ നന്ദിയോ നിന്ദയോ പറയാനോ പ്രമുഖമായ റിവ്യൂവേഴ്സ് തയ്യാറാവാതിരിക്കുന്നത് അതിശയകരമാണ്. ക്രിസ്ത്യൻ ഫിലിം ആണെന്നുള്ള കാരണത്താലാണ് ഈ അവഗണനയെങ്കിൽ അത് ഒരു തരത്തിലുള്ള വർഗീയതയാണെന്നു പറയേണ്ടിവരും. യുക്തിവാദികളും നിരീശ്വരവാദികളും മതപരമായ ഒരു സിനിമയെ പരിഗണിക്കാത്തത് ഒരു തരത്തിൽ അവരുടെ പുച്ഛമായും കാണാവുന്നതാണ്. എന്താണെങ്കിലും, അഭിപ്രായങ്ങൾ ഈ നാളുകളിൽ ഇരട്ടത്താപ്പാവുന്നതു വളരെ വ്യക്തം.

മറ്റൊരാളുടെ അഭിപ്രായത്തെ താങ്ങിനടക്കുന്ന അടിമകളാവാതെ, സ്വന്തമായി അഭിപ്രായങ്ങളുള്ളവരും നിലാപാടുകളുള്ളവരുമായി നാം മാറുമ്പോഴാണ് നവകേരളം അല്ലെങ്കിൽ മെച്ചപ്പെട്ട ഒരു തലമുറ ഉണ്ടാകുന്നത്. നമ്മുടെ മാനസികസംഘർഷങ്ങളും ചില കാര്യങ്ങളോടുള്ള എതിർപ്പും കാള പെറ്റെന്നു കേൾക്കുമ്പോൾ കയറെടുക്കുന്ന അവസ്ഥയിലേക്കു നമ്മെ അധഃപതിപ്പിക്കുന്നു. വിവേകപൂർണവും യുക്തിസഹവുമായ അഭിപ്രായങ്ങൾ രൂപീകരിക്കാൻ നമുക്കു സാധിക്കട്ടെ.

# അടുക്കളശ്രീപോതി

കവിത

പുലരിപ്പെണ്ണ് കതകേ തട്ട്യാ
വീട്ടിലെ പെണ്ണ്
ചടപടേയൊരുങ്ങും.
അടുക്കളപ്പോതിക്ക് വിളക്കുവച്ച്
വീട്ടിലെ വയറോളെ പോറ്റാൻ
മുക്കല്ലടുപ്പിൽ അന്നം വേവും.
വെട്ടിത്തിളക്കണ വെള്ളത്തിൽ
ഒരീസത്തെ മുഴുൻ
ഉന്മേഷമൂറ്റിപ്പൊടിയിടും.
ചായക്കോപ്പേൽ ആവിപാറിച്ച്
തിണ്ണേലെ തേവന് ദക്ഷിണ വയ്ക്കും.
വെന്തും നീറീം പുകഞ്ഞും മരിക്കാൻ
അടുക്കളക്കൊട്ടേൽ ആരൊക്കെയോ കാണും.
ചൂടുകല്ലിൽ പൊള്ളി മൊരിഞ്ഞ്
പരന്ന് കുറേയെണ്ണം പാത്രത്തിലടുങ്ങും.
പൊള്ളിത്തടിച്ച് മേടേലെ മാമനെപ്പോലെ
ചില ആളോള്
നുറുങ്ങി തവിടുപൊടിയാവാൻ നിക്കും.
ചില കൂട്ടര് അമ്മിക്കല്ലിൽ ചതഞ്ഞരയും.
കരിയുറഞ്ഞ കയ്ക്കലത്തുണികൾ
പാതകത്തട്ടേലിരുന്നു പല്ലിളിക്കും.
മേശേമ്മേ തീന് വിളമ്പുമ്പോൾ
പെണ്ണിന്റെ നടു മുപ്പത്താറ് കഷണാവും.
പുളിച്ചുതികട്ടണ എച്ചിൽപ്പാത്രങ്ങൾ
അധികാരഗർവ്വോടെ പെണ്ണിനുനേരേ
പുരികമുയർത്തും.
വിയർപ്പുകുത്തണ തുണികളെല്ലാം
തലതല്ലിയുണങ്ങാൻ
നോക്കിയിരിക്കും.
പെണ്ണിന്റെ കുഞ്ഞുചിറകുകൾ
മാറാല കെട്ടി തട്ടുമ്പൊറത്താവും.
പൊടിയായ പൊടിയെല്ലാം
തടുത്തുകൂട്ടി അടിച്ചുവാരി
പുരയ്ക്കകം പെണ്ണ് കണ്ണാടിയാക്കും.
പൂമുഖത്തിണ്ണേല് കാലും നീട്ടി
നെഞ്ചുവിരിച്ച് നിവർന്നിരുന്ന് വീരത്തം
പറയണ തേവനുണ്ടോ
അടുക്കളപ്പെണ്ണിന്റെ മേളമറിയുന്നു!



**കാവ്യ ഭാസ്കർ**
സെന്റ് ജോസഫ്സ് കോളജ് ഓഫ് റ്റീച്ചർ എജ്യുക്കേഷൻ ഫോർ വിമൻ, എറണാകുളം



# മഴ പെയ്തപ്പോൾ

കവിത

മണ്ണിൻ മുകളിൽ പെയ്തിറങ്ങും കുളിരിളം
ബാഷ്പങ്ങൾ ചൂടുന്ന ചാറ്റൽമഴ
കണ്ണിനു കുളിരേകുന്നൊരിളം
തണുപ്പോടെ പെയ്യുന്നോരീറൻമഴ!

മുറ്റത്തെ മുല്ലയിലിത്തിരിപ്പൂവിലും
ആനന്ദബാഷ്പം തടംകെട്ടി നിൽക്കും
മണ്ണിതിലേക്ക് ഇരച്ചുപെയ്യുന്നൊ-
രക്ഷരം ചൊല്ലുന്ന തൂമഴ!

നാട്ടുമാവിന്റെ ഉത്തുംഗസീമയിൽ
ഊഞ്ഞാലാടുന്ന കണ്ണിമാങ്ങാ,
മേഘത്തിൽനിന്നു ചാടിപ്പുറപ്പെടും
നീർത്തുള്ളിയാൽ ഈറനണിയുന്നുവോ!

ഇങ്ങനൊരദ്ഭുതക്കാഴ്ചകൾ കാണുമ്പോൾ
എന്നുള്ളിലെ കവിയുണരുന്നുവോ!
ഈ ദൃശ്യമെനിക്കായി കാഴ്ചവച്ച
എന്റെ പ്രകൃതീ, നിനക്കായി ഈ കവിത.





**ആര്യാനന്ദ് പി. എസ്**
6-ാം ക്ലാസ്
സെന്റ് ജോർജ് യു.പി. സ്കൂൾ
മൂലമറ്റം

# എന്റെ വര



**ഗൗതം കൃഷ്ണ എം.**
7-ാം ക്ലാസ്
ലൂർദ് പബ്ലിക് സ്കൂൾ & ജൂനിയർ കോളജ് കോട്ടയം







DEEPANALAM WINNERS SPACE gk

## കഴിഞ്ഞലക്കം ക്വിസ് (പ്രതിഭ 2023 നവംബർ ) ശരിയുത്തരങ്ങൾ

1. നിർമിതബുദ്ധി
   മുസ്തഫ സുലൈമാൻ
2. നരേന്ദ്രമോദി, 'നമോഭാരത്'
3. ഡോ. സാബു തോമസ്
4. 111, ചൈന (521 മെഡൽ)
5. പരിസ്ഥിതി, ലൗദാത്തോ സി
6. ഇൻഡിക്ക → അരിയാൻ
   ജിയോഗ്രഫി → ക്ലാവുദിയൂസ് ടോളമി
7. അദാനി പോർട്സ്,
   2015 ഓഗസ്റ്റ് 17, ഉമ്മൻചാണ്ടി സർക്കാർ
8. 1950 ഓഗസ്റ്റ് 10, മൂന്ന്
9. ഹാൻ (അവൻ) എന്ന ചെറുകഥ. 1981
10. 2023 ഒക്ടോബർ 21, ഗഗൻയാൻ

ശരിയുത്തരം ആരും അയച്ചിട്ടില്ല.